# ദേശീയ സംസ്കാരം ഒരു വിചിന്തനം

*പൊതുദേശീയത്വത്തിൻെറ പൈതൃകമാണ് നമ്മുടെ സമ്പത്ത്. അതുപേക്ഷിച്ച് ഒന്നിച്ചുള്ള ജീവിതം ആരംഭിക്കുന്ന കാലത്തേയ്ക്ക്തിരിച്ചു പോകാൻ ആരും ആഗ്രഹി ക്കുന്നില്ല. സാമൂഹ്യവളർച്ചയിൽ വിവിധ വിഭാഗങ്ങൾ തമ്മിലു ള്ള കൊടുക്കലും വാങ്ങലുമുണ്ട്. അതിൽ ഹിന്ദു-മുസ്ലിം സാംസ്കാരിക സങ്കലനത്തിൻെറ വൈവിധ്യവശങ്ങളേതൊക്കെയാണ്? ഒരു വിശകലനം.*

പി.കെ. മുഹമ്മദ് കുഞ്ഞി



പ്രകൃതിയുടെ അലംഘനീയമായ നിയമംമൂലം ഗംഗയും യമുനയും പോലെ കൂടിച്ചേർന്നവരാണ് ഹിന്ദുക്കളും മുസ്ലിങ്ങളും എന്ന് മൗലാനാ അബുൽ കലാം ആസാദ് കാവ്യാത്മകമായ ഭാഷയിൽ വാഴ്ത്തിയിട്ടുണ്ട്. "ആ സങ്കലനം ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു സംഭവമായിരുന്നു. അന്നുതൊട്ട് വിധി അതിൻേറതായ ഒളിഞ്ഞ മാർഗ്ഗത്തിൽ പഴയതിൻെറ സ്ഥാനത്ത് പുതിയ ഒരു ഇന്ത്യ രൂപപ്പെടുത്താൻ തുടങ്ങി. ഇന്ത്യയ്ക്കു തന്നെ അതിൻെറ പാരമ്പര്യത്തിൽ നിറയെ വിലമതിക്കാനാവാത്ത സമ്പാദ്യമുണ്ടായിരുന്നു. എന്നിട്ടും കലവറയുടെ കവാടം ഞങ്ങൾക്ക് തുറന്നു തന്നു. ഇന്ത്യയ്ക്ക് ആവശ്യമുണ്ടായിരുന്നത് ഞങ്ങൾ പ്രദാനം ചെയ്തു. ഇസ്ലാമിൻെറ നിധിയിലുണ്ടായിരുന്ന ഏറ്റവും അമൂല്യമായ നേട്ടം — ജനാധിപത്യത്തിൻേറയും മാനവസാഹോദര്യത്തിൻേറയും സന്ദേശം" എന്നാണ് ആസാദ് വിവരിച്ചത്.

ഈ ആദാന പ്രതിദാന പ്രക്രിയ ത്വരിതപ്പെടുത്തുന്നതായിരുന്നു ഇന്ത്യയിലെ സാമൂഹിക സ്ഥിതി. ഇന്ത്യ മന്വന്തരങ്ങളായി പടുത്തുയർത്തിയ ആത്മീയ സാമ്രാജ്യം അന്യജനവിഭാഗങ്ങളേയും അവരുടെ സംസ്ക്കാരങ്ങളേയും ഉൾക്കൊള്ളാനും സ്വയം ധന്യമാകാനുമുള്ള സന്നദ്ധത എന്നും പ്രകടമാക്കിയിട്ടുണ്ട്. സമന്വയത്തിനുള്ള ഈ സവിശേഷപാടവം കൊണ്ടാണ് മറ്റു പല പ്രാചീന സംസ്ക്കാരങ്ങളും നിഷ്പ്രഭമാവുകയോ തിരിച്ചറിയാൻ വയ്യാത്ത മാറ്റങ്ങൾക്ക് അടിയറവു പറയുകയോ ചെയ്ത സാഹചര്യങ്ങളെ ഇന്ത്യ അതിജീവിച്ചത്.

യേയഥാമാം പ്രപദ്യന്തേ
നാം സ്തഥൈവഭജാമ്യഹം
മമ വർത്മാനു വർത്തന്തെ
മനുഷ്യാഃ പാർത്ഥ സർവ്വശഃ

(ആരേതുതരത്തിൽ എന്നെ ശരണം പ്രാപിക്കുന്നുവോ ആ തരത്തിൽ തന്നെ ഞാനവരെ അനുഗ്രഹിക്കുന്നു. ഏതു വിധത്തിലായാലും എൻെറ വഴി തന്നെ അനുവർത്തിക്കുന്നു.)

എന്ന ഗീതാദർശനത്തിൻെറ പ്രകാശത്തിലാണ് ഇന്ത്യക്കാർ അന്യമതങ്ങളെ സമീപിച്ചിരുന്നത്. മതം ഇന്ത്യയിൽ ചോദ്യം ചെയ്യപ്പെട്ടുകൂടാത്ത സിദ്ധാന്തമല്ലെന്ന ഹാവെലിൻെറ നിഗമനം അതീവശ്രദ്ധേയമാണ്. "അദ്ധ്യാത്മിക വികാസത്തിൻെറ വിഭിന്നഘട്ടങ്ങളും ജീവിതത്തിൻെറ വ്യത്യസ്ത പരിതസ്ഥിതികളും തമ്മിൽ പൊരുത്തപ്പെടുത്തിയ മനുഷ്യാചാരത്തിൻെറ പരികല്പന മാത്രമായിരുന്നു." ഇന്ത്യയിൽ മതം ബുദ്ധൻെറ തേജസ്സു സഹിഷ്ണുതാബോധത്തെ കൂടുതൽ വിശാലമാക്കുകയാണുണ്ടായത്. ഒരു മതവിശ്വാസി എല്ലാ മതവിശ്വാസത്തേയും ആദരിക്കണമെന്ന് ബുദ്ധമതാനുയായി ആയിരുന്ന അശോകചക്രവർത്തി ശാസിച്ചിരുന്നു. ഇന്തൊ ഗ്രീക്ക് രാജാവ് മലിന്ദയുടെ ആസ്ഥാനമായിരുന്ന ശാകലയിൽ (സിയാൽകോട്ട്) എല്ലാ മതക്കാർക്കും അവരുടെ ആചാര്യന്മാർക്കും സ്വാഗതം എന്ന മുദ്രാവാക്യം എപ്പോഴും മുഴക്കിയിരുന്നുവത്രെ.

ഈ പശ്ചാത്തലത്തിൽ "ചലനാത്മകവും വിപ്ലവാത്മകവുമായ സ്വഭാവമുള്ള" പ്രവാചകൻെറ "മാനവസാഹോദര്യത്തിൻെറ സന്ദേ

*(മൗലാനാ ആസാദ്) *രംഗ്ര കോൺഗ്രസ്സിൽ ചെയ്ത പ്രസംഗം.

ണം" ('ഇന്ത്യയെ കണ്ടെത്തൽ' - ജവഹർലാൽ നെഹ്റു) സഹർഷം സ്വാഗതം ചെയ്യപ്പെട്ടു. അറബികളുടെ ചുറുചുറുക്കും അന്വേഷണാസക്തിയും തുടിക്കുന്ന ഇസ്‌ലാമിക സംസ്കാരം ഒരു കലർപ്പുമില്ലാതെ ഇന്ത്യയിൽ ആദ്യമായി എത്തിയത് കേരളത്തിലാണ്. ഇസ്‌ലാമിന്റെ ആവിർഭാവത്തിന് എത്രയോ മുൻപ് തന്നെ അറബികളും മറ്റു സെമിറ്റിക് സമൂഹങ്ങളും ദക്ഷിണേന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് സന്തത സമ്പർക്കം പുലർത്തിയിരുന്നുവല്ലോ. ഇത് പുതിയ മതത്തിനു വേരൂന്നാൻ വളക്കൂറുള്ള മണ്ണൊരുക്കി.

ഹിന്ദുതത്വചിന്തയുടെ അരങ്ങും അണിയറയും ഉത്തരേന്ത്യയിൽ നിന്ന് തെക്കോട്ടു നീങ്ങിയത് ഇസ്‌ലാം മതപ്രചരണത്തിന്റെ ആദ്യഘട്ടത്തിലാണെന്നത് ശ്രദ്ധേയമാണ്. ശ്രീശങ്കരൻ, രാമാനുജൻ, നിംബാദിത്യൻ, വല്ലഭാചാര്യൻ എന്നിവരൊക്കെ ദക്ഷിണേന്ത്യക്കാരാണല്ലോ. ഈ യാഥാർത്ഥ്യം ഉള്ളിൽ കണ്ടുകൊണ്ടാവണം ശ്രീശങ്കരന്റെ തീവ്രമായ "അദ്വൈത തത്വവും അവതരിക്കപ്പെട്ട വേദങ്ങളെ ആധാരമാക്കി അദ്വൈതം സ്ഥാപിക്കാനുള്ള ശ്രമവും" ഇസ്‌ലാമിന്റെ സ്വാധീനത പ്രകടമാക്കുന്ന ഘടകങ്ങളല്ലെന്ന് പറയാൻ വയ്യെന്ന് സർദാർ കെ.എം.പണിക്കർ (എ സർവെ ഓഫ് ഇന്ത്യൻ ഹിസ്റ്ററി) വിലയിരുത്തിയത്.

"ഇസ്‌ലാം ദൃഢമൂലമാക്കിയ സത്സ്വഭാവമാകുന്ന സുഗന്ധച്ചെടിയുടെ പരിമളം ഇതര സമുദായക്കാർക്കും നാടുവാഴികൾക്കും ആകർഷകമായി തോന്നിയതുകൊണ്ട് കേരളത്തിൽവന്ന ചെറുസംഘം മുസ്‌ലീങ്ങൾക്ക് ഉത്തരോത്തരം അഭിവൃദ്ധി ഉണ്ടായി എന്നാണ് മതപ്രചരണത്തിന്റെ ആരംഭത്തെപ്പറ്റി 'തുഹ്ഫത്തുൽ മുജാഹിദീൻ' വിവരിക്കുന്നത്. അറബികളുടെയും മുസ്‌ലിങ്ങളുടെയും സാന്നിദ്ധ്യവും സഹകരണവും വാണിജ്യപരവും സൈനികവുമായ നേട്ടങ്ങൾക്കു വഴിയൊരുക്കുമെന്ന് അക്കാലത്തെ നാടുവാഴികളും മനസ്സിലാക്കിയിരുന്നു. സാമൂതിരി ഓരോ മുക്കുവ കുടുംബത്തിൽ നിന്നും ഒന്നോ രണ്ടോ പേർ മുസ്‌ലിമായി മതം മാറണമെന്ന് ആജ്ഞാപിച്ചിരുന്നത് തന്നെ ഇതിനു തെളിവാണല്ലോ. എല്ലാ മതങ്ങളും നിത്യമായ ഏകസത്യത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണെന്ന വിശുദ്ധ ഖുർആന്റെ ദർശനമാണ് ആദ്യകാല മുസ്‌ലിങ്ങളെ_ നയിച്ചിരുന്നത്. ഈശ്വരദൌത്യം നൽകപ്പെടാത്ത ഒരു ജനതയും ഉണ്ടായിട്ടില്ലെന്ന ഇസ്‌ലാമിക സിദ്ധാന്തത്തിലൂന്നിനിന്നുകൊണ്ടാണ് അവർ അന്യമത സമൂഹങ്ങളുമായി ഇടപഴകിയിരുന്നത്. അതുകൊണ്ട് അവർ വിശ്വസ്തരും രാജ്യസ്നേഹികളുമായ പ്രജകളായി ജീവിച്ചു. നാട്ടിലെ നിയമവ്യവസ്ഥകളെയെല്ലാം ആദരിച്ചു. ഹിന്ദു സമൂഹത്തിന്റെ വികാരം വ്രണപ്പെടരുതെന്നു കരുതി അവർ ഗോവധത്തിൽ നിന്നുപോലും ഒഴിഞ്ഞുനിന്നു. ("സാമൂരിയൻസ് ഓഫ് കാലിക്കറ്റ്" — കെ.വി. കൃഷ്ണയ്യർ)

മുസ്‌ലിങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് പല സൗകര്യങ്ങളും ഭരണാധികാരികൾ ഏർപ്പെടുത്തിക്കൊടുത്തിരുന്നു. പള്ളികൾ പണിയിക്കുകയും അവയ്ക്കു സ്വത്തു ദാനം കൊടുക്കുകയും ചെയ്ത നാടുവാഴികൾ ഏറെയുണ്ട്. ചിലർ ഖാസിമാരുടെയും മുക്രിമാരുടെയും വേതനം പൊതു ഖജാനയിൽ നിന്നാണ് നല്കിവന്നത്. കൊലക്കുറ്റം ചെയ്ത മുസ്‌ലിമിനെ ശിക്ഷിക്കാൻ ഖാസി അനുവദിക്കണമെന്ന മുൻ ഉപാധി പോലും അവർ അംഗീകരിച്ചിരുന്നു.

സുന്ദരവും സമാധാനപരവുമായ (ജമാലിയ) മാർഗ്ഗത്തിലല്ലാതെ ഇന്ത്യയിൽ ഇസ്‌ലാം മതപ്രചരണം നടന്നിട്ടേ ഇല്ലെന്ന കാര്യവും കണക്കിലെടുക്കേണ്ടതുണ്ടല്ലോ. ജേതാക്കളെന്ന നിലയിൽ സിന്ധിലെത്തിയ അറബി സൈന്യം അന്യമതസമൂഹങ്ങൾക്ക് സംരക്ഷണം നല്കുന്ന മാതൃകയാണ് സൃഷ്ടിച്ചത്. അറബി അബലകൾ യാത്ര ചെയ്തിരുന്ന കപ്പൽ കൊള്ളയടിക്കപ്പെട്ടതിനെത്തുടർന്നാണ് അറബികൾ സൈനിക നടപടിക്ക് നിർബന്ധിതരായത്. സിന്ധിലെ ദാഹിർ രാജാവ് കൊള്ളക്കാർക്ക് അരു നിന്നിരുന്നു. ദാഹിറിന്റെ മർദ്ദനത്തിൽ പൊറുതിമുട്ടിയ നാട്ടുകാരാവട്ടെ അറബികൾക്ക് വരവേല്പു നല്കുകയാണുണ്ടായത്. "ഹിന്ദുക്കളുടെ മതവികാരങ്ങളെ മാനിക്കണം. അവരുടെ മതസ്ഥാപനങ്ങളെ രക്ഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. ജാഗീറൊ കരമൊഴിവാക്കിയ ഭൂമിയോ ആവശ്യപ്പെട്ടാൽ നല്കണം എന്നു തുടങ്ങിയ നിർദ്ദേശങ്ങളാണ് സേനാനിയായിരുന്ന മുഹമ്മദ് കാസിമിന് നൽകിയിരുന്നത്. വിവേചനം കാട്ടിയെന്ന ആക്ഷേപത്തിന്റെ പേരിൽ അദ്ദേഹത്തെ തിരിച്ചു വിളിച്ചു. ദാഹിർ രാജാവിന്റെ മകളോട് അപമര്യാദയായി പെരുമാറി എന്ന സംശയത്തിന്റെ പേരിൽ ആ യുവജേതാവിനെ കുറ്റവിചാരണ നടത്തി ശിക്ഷിക്കുകയും ചെയ്തു. പിന്നീട് മുഹമ്മദ് കാസിം നിരപരാധിയാണെന്നത്രെ തെളിഞ്ഞത്.


ഈ ചരിത്രസത്യങ്ങൾ അംഗീകരിച്ചുകൊണ്ടാണ് പണ്ഡിറ്റ് നെഹ്റു ഇന്ത്യയുടെ നേരെ ഒരു ഇസ്‌ലാമിക ആക്രമണം ഒരിക്കലും ഉണ്ടായിട്ടില്ല എന്ന് 'ഇന്ത്യയെ കണ്ടെത്ത'ലിൽ വ്യക്തമാക്കിയത്. "ഒരു തുർക്കി ആക്രമണം ഉണ്ടായി. ഒരു അഫ്ഘാൻ ആക്രമണവും. അഫ്ഘാൻകാരെ ഇന്ത്യയുടെ അതിർത്തിയിലെ ഒരു സമൂഹമായി പരിഗണിക്കണം. അവരുടെ രാഷ്ട്രീയാധിപത്യത്തിന്റെ കാലത്തെ ഇന്തോ-അഫ്ഘാൻ കാലഘട്ടം എന്നാണു വിശേഷിപ്പിക്കേണ്ടത്. മുഗളർ വിദേശികളായിരുന്നു. പക്ഷെ അവരും വളരെ വേഗം ഇന്ത്യയുടെ ഘടനയിലേക്ക് ഒതുങ്ങി. തങ്ങളുടെ ആശയ അഭിലാഷങ്ങൾ ഭാരതത്തിന്റെ മണ്ണിലർപ്പിച്ചു ഭാരതസംസ്കാരത്തിനു വിധേയരാവുക"യും ചെയ്തു.

മഹിമാശാലികളായ മുഗളരുടെ കാലത്ത് വളരെ അടുത്ത് ഉള്ളിണങ്ങിയ ബന്ധമാണ് ഹിന്ദുക്കളും മുസ്ലിങ്ങളും പുലർത്തിയിരുന്നതെന്ന് പണ്ഡിറ്റ് നെഹ്റു വിശദീകരിച്ചിട്ടുണ്ട്. ഈ ബന്ധം

"വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന കേരളത്തിലെ മുസ്ലിമിങ്ങൾക്ക് ഒരു പ്രചോദനം നില്കി അവരെ പുരോഗമിപ്പിക്കുകയെന്നുള്ളത് ഈ സ്ഥാപനത്തിന്റെ മുഖ്യോദ്ദേശമാണ്. സമുദായംവക ഒരു സ്ഥാപനം നടക്കുന്നു എന്ന ബോധം തന്നെ മുസ്ലിമീങ്ങളെ ഉറക്കത്തിൽനിന്നു വിളിച്ചുണർത്തുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മുസ്ലിമീങ്ങളുടെ വിദ്യാഭ്യാസാഭിവൃദ്ധി ഞങ്ങളുടെ ലക്ഷ്യമാണെങ്കിലും ഈ കോളേജ് ജാതിമതഭേദം കൂടാതെ എല്ലാവർക്കും ചേർന്നു പഠിക്കാവുന്ന ഒരു സ്ഥാപനമായിട്ടാണ് ഞങ്ങൾ നടത്തിവരുന്നത്."

പി.കെ. ഉണ്ണിക്കമ്മുസാഹിബ്

1950 ഫിബ്രുവരി 26



സുദൃഢമാക്കുന്നതിനു വേണ്ടി ഒരു 'ഹിന്ദുസ്ഥാൻ ജീവിതരീതി' ബാബർ തന്നെ വിഭാവനം ചെയ്തിരുന്നു. അതേപ്പറ്റി അദ്ദേഹത്തിന്റെ ആത്മകഥയിൽ വിശകലനം ചെയ്തിട്ടുണ്ട്. വൈകാരിക സമന്വയം സാധിക്കുന്നതിനുള്ള അമിതമായ ആവേശമാണല്ലോ അക്ബറുടെ 'ദീനുൽ ഇലാഹി' പരിപാടിയിൽ പ്രതിഫലിച്ചിരുന്നത്. ഔറംഗസീബിന്റെ സഹോദരനായ ദാരാ സുഖൊ ഹിന്ദു-മുസ്ലിം വിശ്വാസ സംഹിതകളുടെ സാമ്യം പ്രതിഫലിപ്പിക്കാനാണ് 'മജ്മാഉൽ ബഹ്റൈൻ' (ഇരു സമുദ്രങ്ങളുടെ സംഗമം) രചിച്ചത്. അദ്ദേഹത്തിന്റെ ഉപനിഷദ്വിവർത്തനമാണ് 'സിറുൽ അസ്റാർ' (മഹാരഹസ്യം). സമന്വയത്തിനുള്ള ഈ അന്തർദ്ദാഹം ഒരു വൺവെ ട്രാഫിക് ആയിരുന്നില്ലെന്നതാണ് അതിൽ ഏറെ ശ്രദ്ധേയമായ കാര്യം.

അക്ബറുടെ കാലത്തു രചിച്ച 'അല്ലോപനിഷത്തി'ൽ 'അല്ലാ ആദിയും പരമ സമ്പൂർണ്ണനും മുഹമ്മദ് ദൈവദൂതനുമാണെ'ന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭവിഷ്യത്പുരാണം പ്രതിസർഗ്ഗപർവ്വം 3:5:6-ൽ

"ഏതസ്മിന്നന്തരേ മ്ലേച്ഛ ആചാര്യേണ സമന്വിതം
മാഹമ്മദ ഇതിഖ്യാതഃ ശിഷ്യശാഖ സമന്വിതം"

എന്നു കാണാം. വിഷ്ണുപുരാണം 24-ാം അധ്യായത്തിൽ വേദങ്ങൾ ഉദ്ബോധിപ്പിച്ച ആചാരക്രമങ്ങളില്ലാതാവുകയും നിയമ വ്യവസ്ഥകൾ ഏതാണ്ട് അവസാനിക്കാറാവുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ അവസാനത്തെ അവതാരം ഒരു യോദ്ധാവിന്റെ രൂപത്തിൽ സംഫാലദ്വീപിൽ (മരുഭൂമിയിൽ) ഉണ്ടാവുമെന്നു പ്രഖ്യാപിക്കുന്നു. ഇതൊക്കെ ഇസ്ലാമിക ഹൈന്ദവ തത്വചിന്തകളുടെ മൗലിക ഘടകങ്ങൾക്കു നിരക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടത് വേറെ കാര്യം. ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും പൊതുവായ വിശ്വാസാചാരാനുഷ്ഠാന ക്രമങ്ങൾ വളർത്തിയെടുക്കാനുള്ള പ്രവണത പോലും പ്രകടമായിരുന്നു എന്നു വ്യക്തമാക്കാനാണിത്രയും വിശദീകരിച്ചത്. സൂഫി തത്വചിന്തയിൽത്തന്നെ ഹിന്ദു വേദാന്തത്തിന്റെ പ്രതിഫലനം പ്രകടമാണല്ലോ.

ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഹിന്ദുക്കളും മുസ്ലിങ്ങളും സമന്വയത്തിന്േറതായ സരണിയിൽ മുന്നേറുകയായിരുന്നു. സംഗീതത്തിലും, ഭാഷയിലും, ചിത്രകലയിലും, വാസ്തുശില്പത്തിലും, ഭക്ഷണത്തിലും, വസ്ത്രത്തിലും, പൊതുപാരമ്പര്യത്തിലും അതു പ്രതിഫലിച്ചു. ഉത്തരേന്ത്യയിൽ ഭരണാധികാരികളായിത്തീർന്ന മുസ്ലിങ്ങളുടെ ജീവിതരീതിക്കാണ് മുൻതൂക്കം കിട്ടിയത്. ഉറുദുഭാഷയും മുഗളരുടെ വേഷവിധാനങ്ങളും പർദ്ദപോലും കുലീനതയുടെ കൊടിയടയാളങ്ങളായി. ദക്ഷിണേന്ത്യയിൽ ഹിന്ദു ജീവിതരീതിയുടെ സമ്മർദ്ദമാണ് മുസ്ലിങ്ങളിൽ സ്വാധീനത ചെലുത്തിയത്. മാനവ സാഹോദര്യത്തിന്റെ സന്ദേശമുണർത്തുന്ന ഇസ്ലാം മതാനുയായികൾ ഇന്ത്യയിൽ പലേടത്തും ജാതിവ്യത്യാസത്തിന്റെ കരിനിഴലിലേക്ക് പോലും നീങ്ങിയിട്ടുണ്ടല്ലോ. അനിസ്ലാമികമായ രാജവാഴ്ചയും വംശാധിപത്യവും അറേബ്യയിലെ ആദ്യത്തെ രാജാവാണെന്നു പ്രഖ്യാപിച്ച മു ആവിയയുടെ അധികാരാവരോഹണത്തോടെ തന്നെ മുസ്ലിങ്ങളെ ഗ്രസിക്കുകയും ചെയ്തിരുന്നു. ഭുവനാധിപത്യലുബ്ധരായ മുസ്ലിം ഭരണാധികാരികളിൽ പലരും മതപരമായ ചേരിപിരിവുണ്ടാക്കാൻ യത്നിക്കുകയും ക്ഷേത്രങ്ങൾ കൊള്ളയടിക്കുകയും മറ്റും ചെയ്തിട്ടുണ്ടെന്ന കാര്യം വിസ്മരിക്കാനാവില്ല. കാശ്മീരിലെ ഹർഷവർധനനെപ്പോലെയുള്ള ഹിന്ദു ഭരണാധികാരികൾ പോലും 'ദുർഭിക്ഷ കാലങ്ങളിൽ കൈയെത്തിക്കാവുന്ന വൻ സമ്പദ്ശേഖരങ്ങളായി'ട്ടാണല്ലോ അക്കാലത്ത് ആരാധനാലയങ്ങളെ പരിഗണിച്ചിരുന്നത്. അവർ വിഗ്രഹങ്ങളെപ്പോലും നശിപ്പിച്ചിരുന്നു.

സ്വന്തം അതിർത്തിക്കപ്പുറത്തൊരു സ്ഥാനത്തെ ഗരിമ കേന്ദ്രമാക്കിക്കൊണ്ടുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ ഉരുക്കുചട്ടക്കൂട്ടിലേക്ക് ഇന്ത്യയെ മറുനാടൻ ഭരണാധികാരികൾ വലിച്ചിഴക്കുന്നതുവരെ ഹിന്ദുക്കളുടെയും മുസ്ലിങ്ങളുടെയും സാംസ്കാരിക സങ്കലനത്തിൽ മുൻതൂക്കം ആരോഗ്യകരമായ പ്രവണതകൾക്കായിരുന്നു. "ആയിരം വർഷത്തെയെങ്കിലും പൊതുചരിത്രം പൊതുവായ നേട്ടങ്ങൾ കൊണ്ട് ഇന്ത്യയെ ധന്യമാക്കിയതിന്റെയാണ്. നമ്മുടെ ഭാഷകൾ, നമ്മുടെ കവിത, നമ്മുടെ സാഹിത്യം, നമ്മുടെ സംസ്കാരം, നമ്മുടെ കല, നമ്മുടെ വസ്ത്രം, നമ്മുടെ സമ്പ്രദായങ്ങൾ, നമ്മുടെ ആചാരങ്ങൾ, നമ്മുടെ നിത്യജീവിതത്തിലെ എണ്ണമറ്റ സംഭവങ്ങൾ — എല്ലാം നമ്മുടെ പൊതുപ്രയത്നത്തിന്റെ മുദ്രചാർത്തപ്പെട്ടതാണ്. നമ്മുടെ ഭാഷകൾ വ്യത്യസ്തമായിരുന്നു. നാം ഒരു പൊതുഭാഷ ഉപയോഗിക്കാൻ കഴിവ് നേടി. നമ്മുടെ സമ്പ്രദായങ്ങളും ആചാരങ്ങളും സാദൃശ്യമുള്ളവയായിരുന്നില്ല. പക്ഷേ, പ്രയോഗത്തിലാവുകയും പരസ്പരം പ്രതികരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ഒരു പൊതു സമന്വയത്തിന് പിറവി നല്കി. നമ്മുടെ പഴയ വസ്ത്രങ്ങൾ പ്രാചീന ചിത്രങ്ങളിൽ കാണാം. ഇന്നാരും അത്തരം വസ്ത്രങ്ങൾ ധരിക്കുന്നേയില്ല. പൊതു ദേശീയത്വത്തിന്റെ പൈതൃകമാണ് നമ്മുടെ പൊതു സമ്പത്ത്. അതുപേക്ഷിച്ച് ഒന്നിച്ചുള്ള ജീവിതം ആരംഭിക്കുന്ന കാലത്തേക്ക് തിരിച്ചു പോകാൻ ആരും ആഗ്രഹിക്കുന്നില്ല. ആയിരം കൊല്ലമൊ അതിലധികമൊ പഴക്കമുള്ള ഹൈന്ദവജീവിതത്തിലേക്ക് തിരിച്ചുപോകണമെന്ന് ആഗ്രഹിക്കുന്നവർ ദിവാസ്വപ്നം കാണുകയാണ്. അത്തരം സ്വപ്നങ്ങൾ വിഫലമാവുന്ന മനോരാജ്യങ്ങളാണ്. അതുപോലെ ആയിരം കൊല്ലങ്ങൾക്ക് മുൻപ് ഇറാനിൽ നിന്നും മദ്ധ്യേഷ്യയിൽ നിന്നും കൊണ്ടുവന്ന നാഗരികതയും സംസ്കാരവും പുനർജ്ജീവിപ്പിക്കണമെന്ന് കൊതിക്കുന്ന മുസ്ലിങ്ങളുണ്ടെങ്കിൽ അവരും വിഫലമായ കിനാവുണ്ണുകയാണ്.......... യഥാർത്ഥ്യത്തിലൊ മണ്ണിലൊ വേരെത്താത്ത വൃഥാസങ്കല്പങ്ങളാണിവ. ആയിരത്തിൽപ്പരം വർഷത്തെ പൊതുജീവിതം പൊതുദേശീയതയുടെ മൂശയിൽ നമ്മെ എത്തിച്ചിരിക്കുന്നു. നൂറ്റാണ്ടുകൾക്കിടയിൽ പ്രകൃതി അതിന്റെ ഒളിഞ്ഞ മാർഗ്ഗത്തിലൂടെ ആകൃതിപ്പെടുത്തിവരികയാണ്. രൂപം വാർത്തെടുത്തു കഴിഞ്ഞു. വിധി അതിന്റെ മുദ്രയും അതിന്മേൽ ചാർത്തിയിട്ടുണ്ട്. നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നാമിന്ന് ഒരിന്ത്യൻ രാഷ്ട്രമാണ്."

★